ഏതെങ്കിലും ആശുപത്രി ജീവനക്കാർ അവരുടെ കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജീവനക്കാരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ഇരട്ട കൊലപാതകങ്ങൾ

42 (6747) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-6-2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ഇരട്ടക്കൊലപാതകങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കൊലപാതകങ്ങൾ സംബന്ധിച്ചുള്ള പോലീസ് എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 26-6-2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നടന്ന ഇരട്ട കൊലപാതകങ്ങളുടെ പശ്ചാത്തലത്തിൽ 30-6-014 രാവിലെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ആഫീസർ, അഡീഷണൽ ഡി.ജി.പി., ഐ.ജി., ജനറൽ ആശുപത്രി സൂപ്രണ്ട്, മെന്റൽ ഹെൽത്ത് സെന്റർ സൂപ്രണ്ട് തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ഒന്നാം വാർഡിൽ കൊണ്ടുവരുന്ന എല്ലാ രോഗികളേയും 24 മണിക്കൂറിനുള്ളിൽത്തന്നെ സൈക്യാട്രിസ്റ്റ് പരിശോധിച്ച് മാനസിക ചികിത്സ ആവശ്യമുള്ളവരെ പോലീസിന്റെ സഹായത്തോടെ മജിസ്ട്രേറ്റിനുമുന്നിൽ ഹാജരാക്കി മെന്റൽ ഹെൽത്ത് സെന്റർ പേരൂർക്കടയിലേക്ക് മാറ്റുവാൻ തീരുമാനിച്ചു. ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ ദിവസവും പോലീസ് ആംബുലൻസിന്റെ സേവനം ലഭ്യമാക്കാനും തീരുമാനിച്ചു. രോഗം മാറിയ മറ്റുള്ളവരെ സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 3-7-2014-ൽ ശ്രീ. കെ. മുരളീധരൻ എം.എൽ.എ.യുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും ഒന്നാം വാർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മേൽവിലാസമുള്ള ഏകദേശം 18 പേരുടെ ലിസ്റ്റ് ഉണ്ടാക്കുകയും ജില്ലാ കളക്ടർ വഴി ബന്ധുക്കളെ കണ്ടുപിടിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ആശുപത്രിയിലെ സുരക്ഷാ ഉദ്യോഗസ്ഥന്റെ സേവനം വാർഡിന്റെ പ്രത്യേക നിരീക്ഷണത്തിനും റൗണ്ട്സിനും ഉപയോഗപ്പെടുത്തുന്നതോടൊപ്പം പോലീസ് എയ്ഡ് പോസ്റ്റിന്റെ സേവനവും ഈ കാര്യത്തിൽ പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

ആരോഗ്യവകുപ്പിനുകീഴിലുള്ള സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും രോഗികളുടെ സുരക്ഷയ്ക്കും വേണ്ടി പാലിക്കേണ്ട കർശന നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പു ഡയറക്ടർ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ രോഗികൾ കൊല്ലപ്പെട്ട സംഭവം

43(6748) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-6-2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒന്നാം വാർഡിൽ ഒരു രോഗിയുടെ മർദ്ദനമേറ്റ് രണ്ടു രോഗികൾ കൊല്ലപ്പെടാനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ;

(ബി) മാനസിക രോഗത്തിനു ചികിത്സ തേടുന്ന രോഗികളേയും മദ്യാസക്തിയുള്ള രോഗികളേയും ഈ ആശുപത്രിയിലെ ഒന്നാംവാർഡിൽ മറ്റു രോഗികളോടൊപ്പമാണോ കിടത്തി ചികിത്സിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഒന്നാം വാർഡിൽ എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഒന്നാം വാർഡിൽ പ്രവേശിപ്പിച്ചിരുന്ന രോഗികൾ തമ്മിലുണ്ടായ വാക്കുതർക്കത്തെത്തുടർന്ന് ഒന്നാം വാർഡിലെ മെയിൽ സെല്ലിൽ വാർഡിച്ചിരുന്ന മണിവാർ എന്ന 52 വയസ്സുള്ള ഒരു രോഗി പെട്ടെന്ന് അക്രമാസക്തനായി 50 വയസ്സുള്ള കൃഷ്ണൻ എന്ന രോഗിയെയും സുദർശനൻ എന്ന 55 വയസ്സുള്ള രോഗിയേയും മർദ്ദിച്ച് അവശനാക്കുകയും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ രണ്ട് പേരും മരണപ്പെടുകയുമാണ് ഉണ്ടായത്. അവശരായിരുന്ന രണ്ട് രോഗികൾക്ക് കൊടിയ മർദ്ദനം ഏറ്റതിനെ തുടർന്നാണ് മരണമുണ്ടായത്. സംഭവ സമയം രണ്ട് സ്റ്റാഫ് നഴ്സും രണ്ട് പേരാം നഴ്സും (ഒരു സ്ത്രീയും ഒരു പുരുഷനും) ഒരു ഗ്രേഡ് അറ്റന്റന്റ് എന്നിവർ ഡ്യൂട്ടിയിലുണ്ടായിരുന്നു. നിലവിളി കേട്ട് എത്തിയ സിസ്റ്റർമാരും പേരാം നഴ്സുമാരും ചേർന്ന് മണിവാറിനെ പിടിച്ച് മാറ്റുന്ന

LIBRARY ARCHIVES Kerala Legislative Assembly